## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്, തിരുവനന്തപുരം-14.

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- ജീവനക്കാര്യം – കോഴിക്കോട് ജില്ലയിലെ സ്റ്റാഫ് നഴ്സുമാരുടെ പൊതുസ്ഥലംമാറ്റ-വുമായി ബന്ധപ്പെട്ട പരാതികൾ - ശ്രീമതി ഹേമലത കളരിക്കണ്ടി, സ്റ്റാഫ് നഴ്സ്, ശ്രീമതി ഷിംന.പി.കെ, സ്റ്റാഫ് നഴ്സ് എന്നിവരെ പരസ്പരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-1) ഉത്തരവ് നം.ഇ1-1691/2017/ആർ.ഡി.ഡി (ഉ.മേ) തീയതി 25.04.2017.
2) സ്റ്റാഫ് നഴ്സുമാർ സമർപ്പിച്ച പരാതികൾ.

## ഉത്തരവ് നം. ഇ5-5322/2017/ഡി.ഐ.എം.എസ്. തീയതി 23-10-2017

കോഴിക്കോട് ജില്ലയിലെ സ്റ്റാഫ് നഴ്സുമാരായ ശ്രീമതി സുധീര.പി.പി, ശ്രീമതി പ്രതിഭ, ശ്രീമതി മിനി മോൾ മാത്യൂ, ശ്രീമതി ഹേമലത കളരിക്കണ്ടി എന്നിവർ പൊതുസ്ഥലംമാറ്റം സംബന്ധിച്ചുള്ള പരാതികൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉത്തര മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ പൊതുസ്ഥലംമാറ്റം ഫയലുകൾ 19.10.2017-ൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിൽ വച്ച് വിശദമായി പരിശോധിച്ചിരുന്നു. അപ്രകാരം ശ്രീമതി സുധീര.പി.പി, ശ്രീമതി പ്രതിഭ, ശ്രീമതി മിനി മോൾ മാത്യൂ എന്നീ സ്റ്റാഫ് നഴ്സുമാർക്ക് സ്ഥലംമാറ്റം നൽകിയത് നിയമപ്രകാരം ആയതിനാൽ അവരുടെ പരാതികളിൽ ഉന്നയിച്ചിരുന്ന കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്നും അതേ സമയം ശ്രീമതി ഹേമലത കളരിക്കണ്ടി, സ്റ്റാഫ് നഴ്സിന് സ്ഥലംമാറ്റം നൽകിയത് ക്രമവിരുദ്ധമാണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം (ക്രമ.നം.5, 9) ചക്കോരത്തുകുളം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ സ്റ്റാഫ് നഴ്സ് ആയിരുന്ന ശ്രീമതി ഹേമലത കളരിക്കണ്ടിയെ ചേമഞ്ചേരി ഇ.എസ്.ഐ.ഡിസ്പെൻസറി-യിലേയ്ക്ക് നൽകിയ സ്ഥലംമാറ്റവും ഫറോക്ക് ഇ.എസ്.ഐ.ആശുപത്രിയിലെ സ്റ്റാഫ് നഴ്സ് ആയിരുന്ന ശ്രീമതി ഷിംന.പി.കെ-യെ എരഞ്ഞിപ്പാലം ഇ.എസ്.ഐ. ഡിസ്പെൻസറിയിലേയ്ക്ക് നൽകിയ സ്ഥലം മാറ്റവും ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

മറുപുറം

മേൽസാഹചര്യത്തിൽ ഇപ്പോൾ ചേമഞ്ചേരി ഇ.എസ്.ഐ.ഡിസ്പെൻസറിയിൽ ജോലി നോക്കി വരുന്ന ശ്രീമതി ഹേമലത കളരിക്കണ്ടി, സ്റ്റാഫ് നഴ്സിനെ എരഞ്ഞിപ്പാലം ഇ.എസ്.ഐ.ഡിസ്പെൻസറിയിലേയ്ക്കും എരഞ്ഞിപ്പാലം ഇ.എസ്.ഐ.ഡിസ്പെൻസറിയിലെ സ്റ്റാഫ് നഴ്സ് ശ്രീമതി ഷിംന.പി.കെ-യെ ചേമഞ്ചേരി ഇ.എസ്.ഐ.ഡിസ്പെൻസറിയിലേയ്ക്കും പരസ്പരം സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു. മേൽപ്പറഞ്ഞ ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.

വിടുതൽ തീയതിയും പുതിയ സ്ഥാപനത്തിൽ പ്രവേശിക്കുന്ന തീയതിയും യഥാസമയം അറിയിക്കേണ്ടതാണ്.

ഒപ്പ്,
ഡോ.അജിത നായർ.ആർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

1. ശ്രീമതി ഹേമലത കളരിക്കണ്ടി സ്റ്റാഫ് നഴ്സ്,
   ഇ.എസ്.ഐ.ഡിസ്പെൻസറി, ചേമഞ്ചേരി.

2. ശ്രീമതി ഷിംന.പി.കെ, സ്റ്റാഫ് നഴ്സ്,
   ഇ.എസ്.ഐ.ഡിസ്പെൻസറി, എരഞ്ഞിപ്പാലം. (സ്ഥാപനമേധാവി മുഖാന്തിരം)

പകർപ്പ് 1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ഉത്തര മേഖല, കോഴിക്കോട്.
2) സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, ഫറോക്ക്
3) ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, ചേമഞ്ചേരി/ എരഞ്ഞിപ്പാലം/ചക്കോരത്തുകുളം
4) ഫയൽ / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ടി.കെ.ജെ-25.10.2017/